(ഡി) 1413.17 കോടി രൂപ.

(ഇ) (i) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റിൽപ്പന നിയമത്തിന്റെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

(ii) കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു.

(iii) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

(iv) നികുതി കുടിശ്ശിക പിരിയ്ക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേകം "സെറ്റിൽമെന്റ് സ്കീം" കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

സർക്കാർ ആഫീസുകൾക്ക് സ്വന്തം കെട്ടിടം

8 [1838] *ശ്രീ. സി. ടി. അഹമ്മദ് അലി:*
" *സി. മമ്മൂട്ടി:*
" *പി. കെ. അബ്ദുറബ്ബ്:*
" *ഇസ്രായേൽ കുരിക്കൾ:*
" *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വാടകയിനത്തിൽ നൽകിയ തുക കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ ഓഫീസുകൾക്കെല്ലാം സ്വന്തം കെട്ടിടമെന്ന ലക്ഷ്യം എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആകെ വാടകയിനത്തിൽ നൽകിയ തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) അതതു വകുപ്പുകളാണ് ഇക്കാര്യം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്. വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ ഓഫീസുകൾക്കെല്ലാം സ്വന്തം കെട്ടിടം നിർമ്മിക്കും എന്ന ഒരു വിഷയം ഇപ്പോൾ സംസ്ഥാന സർക്കാരിനില്ല.

പെൻഷൻ കുടിശ്ശിക തുക നൽകാൻ നടപടി

9 [1839] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
" *എം. കുമാരൻ:*
" *എൻ. രാജൻ:*
" *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കി വരുന്ന വിവിധ പെൻഷൻ പദ്ധതികൾ പ്രകാരമുള്ള പെൻഷനുകൾ 2005 ആഗസ്റ്റ് മുതൽ കൃത്യമായി മാസംതോറും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) 2005-2006 വർഷത്തെ ബഡ്ജറ്റിൽ വിവിധ പെൻഷനുകൾ കൊടുക്കുന്നതിനായി എന്തു തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ തുക ഇതിനായി ചെലവഴിക്കുന്നതാണ്.

(ബി) 2005-2006 സാമ്പത്തിക വർഷം വിവിധ പെൻഷനുകൾ കൊടുക്കുന്നതിനായി വകകൊള്ളിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്:

1.	കർഷകത്തൊഴിലാളി പെൻഷൻ	..	44.64 കോടി രൂപ
2.	അഗതി പെൻഷൻ	..	29.67 കോടി രൂപ
3.	ദേശീയ വാർദ്ധക്യകാല പെൻഷൻ	..	4.61 കോടി രൂപ
4.	മറ്റു സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ	..	1.49 കോടി രൂപ
5.	അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ	..	20.96 കോടി രൂപ
6.	ചുരുട്ടു തൊഴിലാളി പെൻഷൻ	..	8.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly